**മധുരമായ കുട്ടികളേ - തന്റെ ബുദ്ധിയേയും വിചാരങ്ങളേയും എത്രയും സ്വച്ഛവും ശുദ്ധവും ആക്കിവെക്കൂ, അതിലൂടെ ശ്രീമതത്തെ യഥാര്‍ത്ഥ രീതിയില്‍ ധാരണ ചെയ്ത് ബാബയുടെ പേര് പ്രശസ്തമാക്കാന്‍ കഴിയണം.**

**ചോദ്യം:-**കുട്ടികളുടെ ഏത് അവസ്ഥക്ക് തന്നെയാണ്  ബാബയെ പ്രത്യക്ഷപ്പെടുത്താന്‍ സാധിക്കുക?
**ഉത്തരം:-**  കുട്ടികളുടെ അവസ്ഥ നിരന്തരം ഹര്‍ഷിതമുഖവും അചഞ്ചലവും ദൃഢവും  സ്ഥിരവും ലഹരിയുള്ള തുമായിരിക്കുമ്പോഴാണ് ബാബയെ ഷോ ചെയ്യാന്‍ കഴിയുക. അങ്ങിനെയുള്ള ഏകരസ അവസ്ഥയുള്ള സമര്‍ത്ഥരായ കുട്ടികള്‍ക്കേ യഥാര്‍ത്ഥ രീതിയില്‍ എല്ലാവര്‍ക്കും ബാബയുടെ പരിചയം കൊടുക്കാന്‍ കഴിയൂ.

**ഗീതം:-** മരിക്കുന്നതും നിന്‍ പാതയില്‍ തന്നെ..............

**ഓം ശാന്തി.** കുട്ടികള്‍ ഗീതം കേട്ടോ. നിന്റെ വാതില്‍ക്കല്‍ ജീവിച്ചിരിക്കെ മരിക്കാനാണ് വന്നിരിക്കുന്നത് എന്ന് പറയാറുണ്ട്. ആരുടെ മുന്നിലാണ് ? അഥവാ ഗീതയുടെ ഭഗവാന്‍ കൃഷ്ണനാണെന്ന് പറയുകയാണെങ്കില്‍ ഈ കാര്യങ്ങളൊന്നും നടക്കുകയില്ല. കൃഷ്ണനും ഇവിടെ കാണുകയില്ല. കൃഷ്ണന്‍ സത്യയുഗത്തിലെ രാജകുമാരനാണ്. ഗീത കേള്‍പ്പിച്ചത് പരമപിതാവാണ്, കൃഷ്ണനൊന്നുമല്ല കേള്‍പ്പിച്ചത്. മുഴുവന്‍ ആധാരവും ഒന്നിന്റെ മേലാണ്. ഭക്തിയില്‍ നിങ്ങള്‍ ഒരുപാട് പരിശ്രമമൊക്കെ നടത്തിയിട്ടുണ്ട് പക്ഷെ അതിന്റെ ആവശ്യമൊന്നുമില്ല. ഇത് സെക്കന്റിന്റെ കാര്യമാണ്. ഈ ഒരു കാര്യം മാത്രം സിദ്ധമാക്കാന്‍ ബാബയ്ക്ക് എന്തു മാത്രം പരിശ്രമിക്കേണ്ടി വരുന്നു. എന്തു മാത്രം ജ്ഞാനം നല്‍കേണ്ടി വരുന്നു. പ്രാചീനമായ നോളജ് എന്ന് പറയുന്നത് ഭഗവാന്‍ തന്നിട്ടുള്ള നോളജിനെയാണ്, മുഴുവന്‍ കാര്യവും ഗീതയുടെ മേലാണ്. പരമപിതാ പരമാത്മാവാണ് വന്നിട്ട് ദേവീ-ദേവതാ ധര്‍മ്മത്തിന്റെ സ്ഥാപനയ്ക്കു വേണ്ടി സഹജ രാജയോഗവും ജ്ഞാനവും പഠിപ്പിച്ചത്, അത് ഇപ്പോള്‍ ഇല്ലാതായിരിക്കുകയാണ്. മനുഷ്യന്‍ മനസ്സിലാക്കി വെച്ചിരിക്കുന്നത് കൃഷ്ണന്‍ പിന്നീട് എപ്പോഴോ വന്നിട്ട് ഗീത കേള്‍പ്പിക്കുമെന്ന്. പാരലൗകിക പരമപിതാ പരമാത്മാവായ ജ്ഞാന സാഗരനാണ് ഗീത കേള്‍പ്പിച്ചതെന്ന് സൃഷ്ടി ചക്രത്തിലൂടെ സിദ്ധമാക്കി നല്ല രീതിയില്‍ മനസ്സിലാക്കി കൊടുക്കണം. കൃഷ്ണന്റെ മഹിമ വേറെയാണ്, പരമപിതാ പരമാത്മാവിന്റെ മഹിമ വേറെയാണ്. കൃഷ്ണന്‍ സത്യയുഗത്തിലെ രാജകുമാരനാണ്, കൃഷ്ണന്‍ സഹജ രാജയോഗത്തിലൂടെയാണ് രാജ്യ-ഭാഗ്യം നേടിയത്. പഠിക്കുമ്പോള്‍ വേറെ പേരിലായിരുന്നു പിന്നീട് രാജ്യം നേടുമ്പോള്‍ വേറെ പേരിലാണ് ഇത് സിദ്ധമാക്കി പറഞ്ഞു കൊടുക്കണം. പതീത-പാവനന്‍ എന്ന് കൃഷ്ണനെ ഒരിക്കലും പറയുകയില്ല. പതീത-പാവനന്‍ എന്ന് പറയുന്നത് ഒരേ ഒരു അച്ഛനെയാണ്.  ഇപ്പോള്‍ വീണ്ടും ശ്രീകൃഷ്ണന്റെ ആത്മാവ് പതീത-പാവനനിലൂടെ  രാജയോഗം പഠിച്ച് ഭാവിയിലെ പാവന ലോകത്തിലെ രാജകുമാരനാകുകയാണ്. ഇത് സിദ്ധമാക്കി മനസ്സിലാക്കി കൊടുക്കാനും യുക്തികള്‍ വേണം. ഫോറിനേഴ്സിനും സിദ്ധമാക്കി മനസ്സിലാക്കി കൊടുക്കണം. നമ്പര്‍ വണ്‍ എന്ന് പറയുന്നത് ഗീത. സര്‍വ്വ ശാസ്ത്ര-മയീ ശ്രീമത് ഭഗവത് ഗീതാ മാതാവ്. ഇപ്പോള്‍ മാതാവിന് ആരാണ് ജന്മം നല്‍കിയത്? അച്ഛനല്ലേ മാതാവിനെ ദത്തെടുക്കുന്നത്. ഗീത കേള്‍പ്പിച്ചത് ആരാണ്? ക്രൈസ്റ്റാണ് ബൈബിള്‍ അഡോപ്റ്റ് ചെയ്തത് എന്ന് പറയാന്‍ കഴിയില്ല. ക്രൈസ്റ്റ് നല്‍കിയ ശിക്ഷണത്തിനെയാണ് ബൈബിള്‍ ആക്കി വായിക്കുന്നത്. എന്നാല്‍ ഗീതയുടെ ശിക്ഷണം നല്‍കിയത് ആരാണ്, പിന്നീട് അതിനെ പുസ്തകമാക്കി വായിച്ചു വരുന്നു? ഇത് ആര്‍ക്കും അറിഞ്ഞു കൂടാ. മറ്റുള്ളവരുടെ ശാസ്ത്രങ്ങളെക്കുറിച്ച് അറിയാം. ഈ സഹജ രാജയോഗത്തിന്റെ ശിക്ഷണം നല്‍കിയത് ആരാണ്, ഇത് സിദ്ധമാക്കണം. ദിവസങ്ങള്‍ പോകുന്തോറും തമോപ്രധാനമായി മാറി കൊണ്ടിരിക്കുകയാണ്. ഇതെല്ലാം സ്വച്ഛ ബുദ്ധിയില്‍ മാത്രമേ ഇരിക്കുകയുള്ളൂ. ആരാണോ ശ്രീമതം അനുസരിച്ച് നടക്കാത്തത്, അവര്‍ക്ക് ധാരണയും ഉണ്ടാകുകയില്ല. ശ്രീമതം പറയും നിങ്ങള്‍ക്ക് ഒന്നും മനസ്സിലാക്കി കൊടുക്കാന്‍ കഴിയില്ല. സ്വയം താന്‍ ജ്ഞാനിയാണെന്ന് കരുതരുത്. ആദ്യം മുഖ്യമായ കാര്യം സിദ്ധമാക്കേണ്ടത് ഗീതയുടെ ഭഗവാന്‍ പരമപിതാ പരമാത്മാവാണ് എന്നതാണ്,  ബാബ തന്നെയാണ് പതീത-പാവനന്‍. മനുഷ്യന്‍ സര്‍വ്വവ്യാപി എന്നും പറയുന്നു അല്ലെങ്കില്‍ ബ്രഹ്മ തത്വം എന്നും പറയുന്നു അല്ലെങ്കില്‍ സാഗരം എന്നു പറയുന്നു. എന്താണോ വരുന്നത് അത് പറയുന്നു - അര്‍ത്ഥം ഒന്നും അറിയാതെ. തെറ്റ് മുഴുവന്‍ ഗീതയില്‍ നിന്നുമാണ് വന്നിരിക്കുന്നത്, ഗീതയുടെ ഭഗവാന്‍  ശ്രീകൃഷ്ണന്‍ എന്നു പറഞ്ഞു. മനസ്സിലാക്കി കൊടുക്കാന്‍ വേണ്ടി ഗീത ഉപയോഗിക്കണം. ബനാറസിലുള്ള ഗുപ്താജിയോട് പറഞ്ഞിരുന്നു ഗീതയുടെ ഭഗവാന്‍ കൃഷ്ണനല്ല എന്ന് ബനാറസില്‍ സിദ്ധമാക്കി പറയൂ. ഇപ്പോള്‍ സമ്മേളനങ്ങളൊക്കെ

നടക്കാറുണ്ട്, എല്ലാ ധർമ്മക്കാരും പറയുന്ന ശാന്തിയ്ക്കു വേണ്ടി എന്താണ് ചെയ്യേണ്ടത്? ശാന്തി സ്ഥാപിക്കുക എന്നത് പതീത മനുഷ്യരുടെ കൈയ്യിലല്ല. പതീത പാവനാ വരൂ എന്ന് പറയാറുണ്ട്. പിന്നെ പതീതർക്ക് എങ്ങനെ ശാന്തി സ്ഥാപിക്കാൻ കഴിയും, വിളിക്കുന്നുണ്ടെങ്കിലും പതീതനിൽ നിന്നും പാവനമാക്കുന്ന ബാബയെ അറിഞ്ഞു കൂടാ. ഭാരതം പാവനമായിരുന്നു, ഇപ്പോൾ പതീതമാണ്. ഇപ്പോൾ പതീത-പാവനൻ ആരാണ്? ഇത് ആരുടേയും ബുദ്ധിയിൽ വരുന്നില്ല. രഘുപതി രാഘവ.............എന്ന് പറയുന്ന ഇപ്പോൾ അങ്ങനെ ഒരു രാമൻ ഇല്ലേ ഇല്ല. തെറ്റായ വിളിയാണ്. ഒന്നും അറിഞ്ഞു കൂടാ. ഇത് ഇനി ആരാണ് പോയി പറഞ്ഞു കൊടുക്കുക? വളരെ നല്ല കുട്ടികൾ വേണം. മനസ്സിലാക്കി കൊടുക്കാനുള്ള നല്ല യുക്തി വേണം. വലിയ സൃഷ്ടി ചക്രവും ഉണ്ടാക്കിയിട്ടുണ്ട്, അതിലൂടെ സിദ്ധമാകണം ഗീത ഭഗവാനാണ് രചിച്ചത്. അവർ പറയുന്നത് ആരായിരുന്നാലും, എല്ലാവരും ഭഗവാനാണ്. ബാബ പറയുന്നു നിങ്ങൾ അവിവേകികളാണ്. ഞാൻ വന്നിട്ടാണ് പാവന രാജ്യത്തിന്റെ സ്ഥാപന ചെയ്തത്, അതിനു പകരം ശ്രീകൃഷ്ണന്റെ പേര് ഇട്ട് കളഞ്ഞു. പതീതനെയാണ് പാവനമാക്കി ആദ്യത്തെ രാജകുമാരനാക്കുന്നത്. ഭഗവാനുവാച - ഞാൻ കൃഷ്ണന്റെ ആത്മാവിനെ അഡോപ്റ്റ് ചെയ്ത് ബ്രഹ്മാവാക്കി ബ്രഹ്മാവിലൂടെ ജ്ഞാനം നൽകുന്നു. അദ്ദേഹം പിന്നീട് ഈ സഹജ രാജയോഗത്തിലൂടെ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനായി മാറുന്നു. ഈ അറിവ് ആരുടേയും ബുദ്ധിയിലില്ല.

നിങ്ങൾ ആദ്യം ഈ തെറ്റ് തെളിയിച്ച് കൊടുക്കണം അതായത് ശ്രീമത് ഭഗവത് ഗീതയാണ് എല്ലാ ശാസ്ത്രങ്ങളുടേയും അച്ഛനും അമ്മയും.അതിന്റെ രചയിതാവ് ആരാണ്? ബൈബിളിന് ക്രൈസ്റ്റ് ജന്മം നൽകിയതുപോലെ, അത് ക്രിസ്ത്യൻ ധർമ്മത്തിന്റെ ശാസ്ത്രമാണ്. ശരി, ബൈബിളിന്റെ അച്ഛൻ ആരാണ്? ക്രൈസ്റ്റ്. അദ്ദേഹത്തെ അച്ഛനും അമ്മയും എന്ന് പറയുകയില്ല. അവിടെ അമ്മയുടെ കാര്യമേ ഇല്ല. ഇവിടെയാണെങ്കിൽ മാതാവും പിതാവുമുണ്ട്. കൃസ്ത്യാനികൾ ക്രൈസ്റ്റിനെയാണ് അംഗീകരിക്കുന്നത്, അവർക്ക് കൃഷ്ണന്റെ ധർമ്മത്തിനോട് ഈർഷ്യയാണ്. ബുദ്ധൻ ധർമ്മം സ്ഥാപിച്ചപ്പോൾ ബൗദ്ധികളുടെ ശാസ്ത്രവുമുണ്ടായി. ഗീത കേൾപ്പിച്ചത് ആരാണ്? അതിലൂടെ ഏത് ധർമ്മമാണ് സ്ഥാപിതമായത്? ഇത് ആർക്കും അറിഞ്ഞു കൂടാ. പതീത-പാവനനായ പരമപിതാ പരമാത്മാവാണ് ജ്ഞാനം നൽകിയത് എന്ന് ഒരിക്കലും പറയുന്നില്ല. ഇപ്പോൾ സൃഷ്ടി ചക്രം ഉണ്ടാക്കിയിരിക്കുന്നത് നോക്കുമ്പോൾ, ശരിക്കും പരമപിതാ പരമാത്മാവാണ് ജ്ഞാനം നൽകുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. രാധാ-കൃഷ്ണൻ സത്യയുഗത്തിലാണ്. അവരല്ല നമുക്ക് ജ്ഞാനം നൽകിയത്. ജ്ഞാനം നൽകുന്നത് മറ്റാരോ ആണ്. ആരോ അവരെ പാസ്സാക്കി കാണുമല്ലോ. ഈ രാജ്യ പദവി പ്രാപ്തമാക്കാനുള്ള ജ്ഞാനം ആരാണ് നൽകിയത്? ഭാഗ്യം താനേ ഉണ്ടാകുകയില്ലല്ലോ. ഭാഗ്യം ഉണ്ടാക്കുന്നത് ഒന്ന് അച്ഛൻ അല്ലെങ്കിൽ റ്റീച്ചർ വേണം. പറയാറുണ്ട് ഗുരുവാണ് ഗതി നൽകുന്നത് എന്ന്. പക്ഷെ ഗതിയുടേയും സത്ഗതിയുടേയും അർത്ഥം അറിയില്ല. പ്രവൃത്തി മാർ ത്തിലുള്ളവരുടെയാണ് സത്ഗതി ഉണ്ടാകുന്നത്. പിന്നെ ഗതി എന്നു പറഞ്ഞാൽ എല്ലാവരും ബാബയുടെ അടുത്തേക്ക് പോകുന്നു. ഈ കാര്യങ്ങൾ ആർക്കും അറിഞ്ഞു കൂടാ. അവർ ഭക്തി മാർഗ്ഗത്തിൽ വലിയ-വലിയ കടകളൊക്കെ തുറന്ന് വെച്ചിരിക്കുകയാണ്. ബാബ പറയുന്നു വേദ-ശാസ്ത്രങ്ങളൊക്കെ ഭക്തി മാർഗ്ഗത്തിലെ സാമഗ്രിയാണ്. ഈ ജപം-തപം, വേദ-ശാസ്ത്രത്തിന്റെ അദ്ധ്യയനം ചെയ്യുന്നതിലൂടെ എന്നെ ലഭിക്കുകയില്ല. ഞാൻ കുട്ടികൾക്ക് ജ്ഞാനം നൽകി പാവനമാക്കുന്നു. മുഴുവൻ സൃഷ്ടിയുടേയും സത്ഗതിദാതാവാണ്. ഗതിയിലേക്ക് പോയിട്ട് പിന്നെ സത്ഗതിയിലേക്ക് വരണം. എല്ലാവരും സത്യയുഗത്തിൽ വരില്ല. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. എന്താണോ കല്പത്തിനു മുമ്പ് നിങ്ങളെ പഠിപ്പിച്ചത്, എന്തു ചിത്രമാണോ വരപ്പിച്ചത്, അത് ഇപ്പോൾ വരപ്പിക്കുകയാണ്.

മനുഷ്യൻ പറയുന്നു 3 ധർമ്മങ്ങളുടെ കാലിലാണ് സൃഷ്ടി നിൽക്കുന്നത്. ഒരു ദേവതാ ധർമ്മത്തിന്റെ കാൽ ഒടിഞ്ഞു പോയതിനാൽ ആടികൊണ്ടിരിക്കുന്നു. ആദ്യം ഒരു ധർമ്മമായിരുന്നു അതിനെ അദ്വൈത രാജ്യം എന്നാണ് പറയുന്നത്. പിന്നീട് ആ ഒരു കാൽ പോയിട്ട് 3 കാലുകൾ വരുന്നു, അതിൽ ഒരു ശക്തിയുമില്ല. പരസ്പരം വഴക്കടിച്ച് കൊണ്ടിരിക്കുന്നു. നാഥനെ അറിയുന്നില്ല. അനാഥരായിപ്പോയി. മനസ്സിലാക്കി കൊടുക്കാനുള്ള വലിയ യുക്തിയുണ്ടായിരിക്കണം. പ്രദർശിനിയിലും ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല, പരമപിതാ പരമാത്മാവാണ് എന്ന കാര്യം മനസ്സിലാക്കി കൊടുക്കണം. ഭഗവാന്റെ ജന്മ സ്ഥലം ഭാരതമാണ്. കൃഷ്ണൻ സാകാരനാണ്, പരമത്മാവ് നിരാകാരനാണ്. ബാബയുടെ മഹിമ പൂർണ്ണമായും വേറിട്ടതാണ്. അങ്ങനെ യുക്തി പൂർവ്വം കാർട്ടൂൺ രചിച്ച് ഗീത ആരാണ് ഉച്ചരിച്ചത്, എന്ന് സിദ്ധമാക്കണം അന്ധന്മാരുടെ മുന്നിൽ വലിയ കണ്ണാടി വെയ്ക്കണം. ഇത് അന്ധന്മാരുടെ മുന്നിലെ കണ്ണാടിയാണ്. വളരെ അധികം കാര്യങ്ങളിലൊന്നും പോകേണ്ട കാര്യമില്ല. ഏറ്റവും വലിയ തെറ്റ് ഇതാണ്. പരമപിതാ പരമാത്മാവിന്റെ മഹിമ വേറെയാണ്, അതിനു പകരം കൃഷ്ണന്റെ മഹിമ കൊടുത്തിരിക്കുകയാണ്. ലക്ഷ്മീ-നാരായണന്റെ ചിത്രത്തിനു താഴെ രാധാ-കൃഷ്ണനാണ്. അവരാണ് പിന്നെ ലക്ഷ്മീ-നാരാണനാകുന്നത്. സത്യയുഗത്തിൽ

ലക്ഷ്മീ-നാരായണനും, ത്രേതായുഗത്തിൽ രാമനും-സീതയും. ആദ്യത്തെ കുട്ടി എന്നു പറയുന്നത് ശ്രീകൃഷ്ണനാണ്, പിന്നെ ശ്രീകൃഷ്ണനെ ദ്വാപരത്തിലേക്ക് കൊണ്ടു പോയി. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ രഹസ്യങ്ങളാണ്. വിദേശത്തുള്ളവർ ഈ കാര്യങ്ങളെക്കുറിച്ച് എന്ത് അറിയാനാണ്. ഡ്രാമയനുസരിച്ച് ഈ ജ്ഞാനം ആരുടെയടുത്തുമില്ല. ജ്ഞാനം പകലെന്നും, ഭക്തിയെ രാത്രിയാണെന്നും പറയാറുണ്ട്. ബ്രഹ്മാവിന്റെ പകലും, ബ്രഹ്മാവിന്റെ രാത്രിയും. സത്യയുഗം സ്ഥാപിക്കുന്നത് ആരാണ്? ബ്രഹ്മാവ് വന്നത് എവിടെ നിന്നാണ്? എവിടെ നിന്നുമാണ് സൂക്ഷ്മ വതനത്തിൽ വന്നത്? പരമപിതാ പരമാത്മാവാണ് സൂക്ഷ്മ സൃഷ്ടി രചിക്കുന്നത്. അവിടെയാണ് ബ്രഹ്മാവിനെ കാണിക്കുന്നത്. പക്ഷെ അവിടെ പ്രജാപിതാ ബ്രഹ്മാവ് ഉണ്ടാകുകയില്ല. പ്രജാപിതാ ബ്രഹ്മാവെന്ന് പറയുന്നത് തീർച്ചയായും വേറെയാണ്. അദ്ദേഹം എവിടെ നിന്നുമാണ് വന്നത്, ഈ കാര്യങ്ങൾ ആർക്കും മനസ്സിലാക്കാൻ കഴിയില്ല. കൃഷ്ണന്റെ അന്തിമ ജന്മത്തിൽ അദ്ദേഹത്തെ പരമാത്മാവ് തന്റെ രഥമാക്കി മാറ്റി, ഇത് ആരുടേയും ബുദ്ധിയിലില്ല.

ഇത് വലിയ ക്ലാസ്സാണ്. സ്റ്റുഡന്റ് എങ്ങനെയാണെന്ന് ടീച്ചർക്ക് കാണുമ്പോൾ അറിയാം. അപ്പോൾ ബാബയ്ക്ക് മനസ്സിലാക്കാൻ കഴിയില്ലേ? ഇത് പരിധിയില്ലാത്ത ബാബയുടെ ക്ലാസ്സാണ്. ഇവിടത്തെ കാര്യം തന്നെ വേറിട്ടതാണ്. ശാസ്ത്രത്തിൽ പ്രളയവുമൊക്കെ കാണിച്ചിട്ട് എത്രത്തോളം ബഹളമുണ്ടാക്കിയിരിക്കയാണ്. എത്ര ഗർവ്വാണ്. രാമായണം , ഗീത  തുടങ്ങിയവ എന്തെല്ലാം ഇരുന്ന് കേൾപ്പിക്കുന്നു. കൃഷ്ണൻ ഗീത കേൾപ്പിച്ചതേയില്ല. കൃഷ്ണൻ പോലും ഗീതയുടെ ജ്ഞാനം കേട്ട് രാജ്യ പദവി നേടി. തെളിയിച്ച് മനസിലാക്കിച്ചു കൊടുക്കണം ഗീതയുടെ ഭഗവാൻ ഇതാണ്, പരമാത്മാവിന്റെ ഗുണം ഇതാണ് ,കൃഷ്ണന്റെ ഗുണം ഇതാണ്. ഈ തെററ് കാരണമാണ് ഭാരതം കക്കയ്ക്ക് സമാനമായത്. നിങ്ങൾ മാതാക്കൾ അവരോട് പറയണം അതായത് നിങ്ങൾ ലോകർ പറയുന്നത്  മാതാക്കൾ നരകത്തിന്റെ കവാടമെന്നാണ്. പക്ഷേ പരമാത്മാവ് ജ്ഞാന കലശം മാതാക്കളിലാണ് വെച്ചത്, മാതാക്കൾ തന്നെയാണ് സ്വർഗ്ഗത്തിന്റെ കവാടമാകുന്നത്. നിങ്ങൾ നിന്ദ ചെയ്യുന്നു. പക്ഷേ മനസിലാക്കികൊടുക്കുന്നവർ വളരെ സമർത്ഥരായിരിക്കണം. പോയിന്റ് എല്ലാം നോട്ട് ചെയ്ത് മനസിലാക്കികൊടുക്കണം. ഭക്തിമാർഗ്ഗം വാസ്തവത്തിൽ  ഗൃഹസ്ഥികൾക്ക് വേണ്ടിയാണ്. ഇത് പ്രവർത്തി മാർഗ്ഗത്തിന്റെ സഹജ രാജയോഗമാണ്. നമ്മൾ സിദ്ധമാക്കി മനസ്സിലാക്കി തരാൻ വേണ്ടി വന്നിരിക്കുന്നു. കുട്ടികൾ ഷോ ചെയ്യണം. എല്ലായ്പ്പോഴും ഹർഷിതമുഖമുള്ളവരും അചഞ്ചലരും, സ്ഥിരതയുള്ളവരും, ലഹരിയുള്ളവരും ആയിരിക്കണം. മുന്നോട്ട് പോകുന്തോറും മഹിമ തീർച്ചയായും പുറത്ത്വരണം. നിങ്ങളെല്ലാം ബ്രഹ്മാകുമാർ കുമാരിമാരാണ്. കുമാരിമാർ 21 ജന്മങ്ങളിലേക്ക് സമ്പത്ത് നൽകുന്നു. കുമാരിമാരുടെ മഹിമ വളരെ ഉയർന്നതാണ്. മുഖ്യമായ കുമാരി നിങ്ങളുടെ മമ്മയാണ്. ചന്ദ്രൻെറ മുന്നിൽ നക്ഷത്രവും നല്ലതു വേണം. ഇത് ജ്ഞാനസുര്യനാണ്. ഈ ഗുപ്തമായ മമ്മ വേറെയാണ്. ഈ രഹസ്യത്തെ മനസ്സിലാക്കിയിട്ട് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കണം. ആ മമ്മയുടെ പേര് വേറെയാണ്, ക്ഷേത്രങ്ങൾ അവരുടേതാണ്. ഈ ഗുപ്തമായ വയസ്സായ അമ്മയുടെ ക്ഷേത്രമല്ല. ഈ മാതാവും-പിതാവും കമ്പയിന്റാണ്.ലോകത്തിനു ഇത് അറിഞ്ഞുകൂടാ. കൃഷ്ണൻ ഒരിക്കലും ആകുകയില്ല. എന്നാലും കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. കൃഷ്ണനിൽ ഭഗവാന് വരാൻ കഴിയില്ല. മനസ്സിലാക്കി കൊടുക്കാൻ വളരെ സഹജമാണ്. ഗീതയുടെ ഭഗവാന്റെ മഹിമ വേറെയാണ്, എല്ലാം ഒരാൾക്ക് ആകാൻ സാധിക്കുമോ. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1) തങ്ങളുടെ അവസ്ഥ വളരെ ലഹരിയുള്ളതും, അചഞ്ചലവും ദൃഢവുമായിരിക്കണം. സദാ ഹർഷിതമുഖരായിരിക്കണം.

2) ജ്ഞാനത്തിന്റെ ശുദ്ധ ലഹരിയിലിരുന്ന് ബാബയെ ഷോ ചെയ്യണം. ഗീതയുടെ ഭഗവാനെ സിദ്ധമാക്കി ബാബയുടെ സത്യമായ തിരിച്ചറിവ് നൽകണം.

**വരദാനം – സ്മൃതിസ്വരൂപരായി വിസ്മൃതിയുള്ളവർക്ക് സ്മൃതി നൽകുന്ന സത്യമായ സേവാധാരിയായി ഭവിക്കട്ടെ.**

തന്റെ സ്മൃതിസ്വരൂപ ഫീച്ചേഴ്സിലൂടെ മറ്റുള്ളവരെ സ്മൃതിസ്വരൂപരാക്കുക –ഇതാണ് സത്യമായ സേവനം. താങ്കളുടെ ഫീച്ചേഴ്സ് മറ്റുള്ളവർക്ക് സ്മൃതി നൽകട്ടെ –ഞാൻ ആത്മാവാണ്, മസ്തകത്തിൽ നോക്കുമ്പോൾ കാണട്ടെ തിളങ്ങുന്ന ആത്മാവിനെ അഥവാ മണിയെ. സർപ്പത്തിന്റെ മണി കണ്ടാൽ സർപ്പത്തിനു നേർക്ക് ആരുടെയും ശ്രദ്ധ പോകാത്തതു പോലെ, ഇങ്ങനെ അവിനാശിയായ തിളങ്ങുന്ന മണിയെ കണ്ട് ദേഹബോധത്തെ മറക്കട്ടെ, ശ്രദ്ധ സ്വതവേ ആത്മാവിനു നേർക്ക് പോകട്ടെ. വിസ്മൃതിയുള്ളവർക്ക് സ്മൃതി വരട്ടെ– അപ്പോൾ പറയാം സത്യമായ സേവാധാരി.

**സ്ലോഗൻ– അവഗുണങ്ങൾ ധാരണ ചെയ്യുന്ന ബുദ്ധിയെ നശിപ്പിച്ച് സതോപ്രധാന ദിവ്യ ബുദ്ധിയെ ധാരണ ചെയ്യൂ**